ഒ.പി. ഹംസ

# ഹദീസ് ചരിത്രത്തിലെ അതികായന്മാർ

**പ്രവാചകചര്യ**യുടെ ക്രോഡീകരണം ഹിജ്റ രണ്ട്-മൂന്ന് നൂറ്റാണ്ടുകളിലായി പൂർത്തീകരിക്കപ്പെട്ടു. ഇസ്‌ലാമിന്റെ പൊതുധാരയിൽനിന്ന് വ്യത്യസ്തമായി ഖവാരിജുകൾ, ശീഈകൾ തുടങ്ങിയ വിഭാഗങ്ങൾ അവരവരുടെ ചിന്താഗതികൾ പ്രചരിപ്പിക്കുകയും മറുവശത്ത് ബിദ്അത്തുകളും അനാചാരങ്ങളും തലപൊക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ അത്തരം ദുഃസ്വാധീനങ്ങളിൽനിന്ന് തിരുസുന്നത്തിനെ രക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് മനസ്സിലാക്കിയ സൂക്ഷ്മാലുക്കളായ പണ്ഡിതന്മാർ ഈ രംഗത്തേക്ക് കടന്നുവന്നു. ഹദീസുകളിലെ നെല്ലും പതിരും വേർതിരിച്ച് ഇമാം മാലിക്(റ) രചിച്ച *അൽ മുവത്വ* എന്ന പ്രസിദ്ധ ഗ്രന്ഥം ഈ രംഗത്തെ സുപ്രധാന സംരംഭമായിരുന്നു. അതിനുമുമ്പ് ഹി. 124-ൽ ഉമറുബ്നു അബ്ദിൽ അസീസിന്റെ താൽപര്യമനുസരിച്ച് പ്രസിദ്ധ പണ്ഡിതനായ അബൂബക്റുബ്നു ഹസം, മുഹമ്മദുബ്നു മുസ്‌ലിം ബിൻ ശിഹാബുസ്സുഹ്‌രി തുടങ്ങിയ മഹാന്മാരും ഹദീസുകൾ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചിരുന്നു. അസാധാരണമായ ക്ഷമയും ത്യാഗമനഃസ്ഥിതിയുമുള്ളവർക്കേ ഇത്തരം സംരംഭങ്ങൾ വിജയിപ്പിക്കാനാകുമായിരുന്നുള്ളൂ. വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന പണ്ഡിതന്മാരെ നേരിൽകണ്ട് ശരിയായ സ്രോതസ്സിൽനിന്നുതന്നെ ഹദീസുകൾ ശേഖരിക്കാനും സ്വീകാര്യത ഉറപ്പ് വരുത്താനും ദീർഘമായ യാത്രകൾ നടത്തുകയും പ്രയാസങ്ങൾ സഹിക്കുകയും ചെയ്യേണ്ടിയിരുന്നു. ഹദീസ് കൈവശമുള്ളവരുടെ ജീവിത രീതികളും വിശ്വാസാചാരങ്ങളും ബുദ്ധിശക്തി, ഓർമശക്തി, ധാർമിക നിലവാരം, സത്യസന്ധത എന്നിവയുമൊക്കെ സൂക്ഷ്മമായി പഠിച്ച് സ്വീകാര്യത ബോധ്യമായവരിൽനിന്ന് മാത്രമാണ് ഹദീസുകൾ സ്വീകരിച്ചിരുന്നത്.




ഈ രൂപത്തിൽ ശേഖരിച്ച ഹദീസ് സമാഹാരങ്ങളാണ് 'സ്വീകാര്യമായ ആറു ഗ്രന്ഥങ്ങൾ' (സ്വിഹാഹുസ്സിത്തഃ) എന്ന പേരിൽ അറിയപ്പെടുന്നത്. ഇവയിൽ സമുന്നത സ്ഥാനമലങ്കരിക്കുന്നവയാണ്

*സ്വഹീഹ് ബുഖാരിയും സ്വഹീഹ് മുസ്‌ലിമും*. ചരിത്രത്തിൽ തുല്യത യില്ലാത്ത ത്യാഗങ്ങളിലൂടെ ശേഖരിച്ച ലക്ഷക്കണക്കിൽ ഹദീസുക ളിൽനിന്ന് ഉത്തമ വിശ്വാസമുള്ളത് മാത്രം തെരഞ്ഞെടുത്ത് തിരുസു ന്നത്തിനെ അറിവിന്റെ അമൂല്യ നിക്ഷേപമായി കാത്തുസൂക്ഷിച്ച് തല മുറകൾക്ക് കൈമാറുന്നതിൽ ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും നിർവഹിച്ച സേവനം മുസ്‌ലിം ലോകം കലവറയില്ലാതെ അംഗീകരി ക്കുന്നു.

### ഇമാം ബുഖാരി

ഹദീസിലെ 'അമീറുൽ മുഅ്മിനീൻ', 'ഹദീസ് പണ്ഡിതന്മാരുടെ നേതാവ്' എന്നീ വിശേഷണങ്ങളിൽ അറിയപ്പെടുന്ന മുഹമ്മദുബ്നു ഇസ്മാഈലുബ്നു ഇബ്റാഹീമുബ്നു മുഗീറതുൽ ജഅഫി ഹി. 194-ൽ ശവ്വാൽ മാസം 13-ന് വെള്ളിയാഴ്ച ബുഖാറയിൽ ജനിച്ചു. അബുൽ ഹസൻ എന്ന പേരിൽ പ്രസിദ്ധനായ അദ്ദേഹത്തിന്റെ പിതാവ് ഇസ്മാഈൽ, ഇമാം മാലികിന്റെ ശിഷ്യനും ഹദീസ് പണ്ഡിതനുമാ യിരുന്നു. ഒരേസമയം പാണ്ഡിത്യംകൊണ്ടും സമ്പന്നതകൊണ്ടും അനു ഗൃഹീതനായിരുന്ന അബുൽ ഹസൻ, സാത്വികനും സൂക്ഷ്മാലുവു മായിരുന്നു. തന്റെ സമ്പത്തിൽ ഹറാമായതോ സംശയാസ്പദമായതോ ആയ ഒരു ദിർഹം പോലും തന്റെ അറിവോടെ കടന്നുകൂടിയിട്ടില്ലെന്ന് മരണസമയത്ത് തന്നെ സന്ദർശിച്ച യഹ്‌യബ്നു ഹഫ്സ് എന്ന പണ്ഡി തനോട് അദ്ദേഹം പറയുകയുണ്ടായി. ഇമാം ബുഖാരിയുടെ മാതാവ് ആരാധനാനിരതയും ഭക്തയും ധാരാളം ബഹുമതികളുടെ ഉടമയുമാ യിരുന്നു. ശൈശവത്തിൽ കാഴ്ച നഷ്ടപ്പെട്ട ഇമാം ബുഖാരിക്ക്, ചന്ദ്ര പ്രകാശത്തിൽ 'അത്താരീഖുൽ കബീർ' എന്ന ഗ്രന്ഥത്തിന്റെ കരട് കോപ്പി തയാറാക്കാൻ സാധിക്കുമാർ കാഴ്ച തിരിച്ചുകിട്ടിയത് മാതാ വിന്റെ നിരന്തരമായ പ്രാർഥനയുടെ ഫലമായിരുന്നുവത്രെ! പിതാവ് മരണപ്പെട്ടപ്പോൾ മാതാവിന്റെ സംരക്ഷണത്തിലാണ് അദ്ദേഹം വളർന്ന ത്. 'വിജ്ഞാനത്തിന്റെ മടിത്തട്ടിൽ ശ്രേഷ്ഠതയുടെ മുലപ്പാൽ ഈമ്പി വളർന്നവനാണ് ബുഖാരി"യെന്ന് ഇമാം ഖസ്ത്വല്ലാനി പറഞ്ഞത് ഈ അർഥത്തിലാണ്. പത്താം വയസ്സിൽ മതപാഠശാലയിൽ പഠിക്കു മ്പോൾതന്നെ ഹദീസുകൾ ഹൃദിസ്ഥമാക്കാൻ താൽപര്യം കാണിക്കു കയും വിജ്ഞാനസദസ്സുകളിൽ പതിവായി പങ്കെടുക്കുകയും ചെയ്യു മായിരുന്നു. ബുഖാറയിലെ ആ കാലഘട്ടത്തിലെ മഹാ പണ്ഡിതനാ യിരുന്ന അല്ലാമാ ദാഖിലിയുടെ വിജ്ഞാനസദസ്സിൽ അദ്ദേഹം സദാ സന്നിഹിതനായിരുന്നു. ഒരിക്കൽ അധ്യാപനം നടത്തിക്കൊണ്ടിരിക്കെ തെറ്റായി ഉദ്ധരിച്ച ഹദീസ്പരമ്പര ഇമാം ബുഖാരി പെട്ടെന്ന് തിരു ത്തുകയുണ്ടായി. ആദ്യം ക്ഷോഭിച്ച ദാഖിലി സൂക്ഷ്മമായി പരിശോ ധിച്ചപ്പോൾ ശാന്തനായി. അദ്ദേഹം തെറ്റ് അംഗീകരിച്ചുവെന്ന് മാത്ര മല്ല, അത് തിരുത്താൻ ബുഖാരിയെതന്നെ ചുമതലപ്പെടുത്തുകയുമു ണ്ടായി. അന്ന് ബുഖാരിക്ക് പതിനൊന്ന് വയസ്സുമാത്രമായിരുന്നു പ്രായം. അന്ന് ബുഖാറാ പട്ടണത്തിലെ പ്രശസ്തമായ വിജ്ഞാനസ ദസ്സുകൾക്ക് നേതൃത്വം നൽകിയിരുന്ന മുഹമ്മദുബ്നു സലാമ അൽ ബീക്കൻദി, അബ്ദുല്ലാഹിബ്നു മുഹമ്മദുൽ മുസ്നദി, ഇബ്റാഹീമുബ്നു അശ്അസ് തുടങ്ങിയ പ്രഗത്ഭ പണ്ഡിതന്മാ രിൽനിന്നെല്ലാം ഇമാം ബുഖാരി വിജ്ഞാനം നേടി. പതിനാറു വയസ്സ് തികഞ്ഞപ്പോഴേക്കും വലിയ ഒരു ഹദീസ്ശേഖരം സ്വന്തമാക്കുകയും പണ്ഡിതന്മാരുടെ വൈജ്ഞാനിക നിലവാരത്തെക്കുറിച്ചും ഗവേഷണ ങ്ങളെക്കുറിച്ചുമൊക്കെ അഭിപ്രായം പറയാനുള്ള കഴിവ് നേടുകയും ചെയ്തു. ഗ്രന്ഥങ്ങളിലെ തെറ്റുകൾ കണ്ടെത്താനും തിരുത്താനും പലരും ബുഖാരിയെത്തന്നെയാണ് ഏൽപിച്ചിരുന്നത്.

ബുഖാരി വിജ്ഞാനപര്യവേക്ഷണത്തിനിറങ്ങുന്നതിന് മുമ്പുള്ള ഒരു സംഭവം മുജാഹിദിന്റെ മകൻ സലീം ഉദ്ധരിക്കുന്നു: 'ഞാനൊരി ക്കൽ മുഹമ്മദുബ്നു സലാമയുടെ സദസ്സിൽ ചെന്നു. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു, അൽപസമയം മുമ്പ് വന്നിരുന്നുവെ ങ്കിൽ എഴുപതിനായിരം ഹദീസുകൾ മനഃപാഠമുള്ള ഒരത്ഭുതബാലനെ താങ്കൾക്ക് കാണാമായിരുന്നു. ഞാനദ്ദേഹത്തെ അന്വേഷിച്ചു കണ്ടെ ത്തി. എഴുപതിനായിരം ഹദീസുകൾ മനഃപാഠമുണ്ടെന്ന് താങ്കൾ പറ ഞ്ഞത് ശരിയാണോ എന്ന് ഞാൻ ചോദിച്ചു. അതും അതിൽ കൂടു തലും അറിയാമെന്നായിരുന്നു മറുപടി. സ്വഹാബികളിൽ നിന്നോ




**ദീർഘമായ അനുഭവങ്ങളിൽനിന്ന് ഇമാം ബുഖാരി നേടിയ സവിശേഷമായ സിദ്ധി, ഹദീസുകളുടെ സ്വീകാര്യതയെ ബാധിക്കുന്ന നിഗൂഢമായ കാരണ ങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടിയെന്നതാണ്. ഹദീസ് നിദാന ശാസ്ത്രത്തിൽ വളരെ സുപ്രധാന മാണ് ഈ കഴിവ്. അസാധാരണമായ ഓർമശ ക്തിയും അപാരമായ ബുദ്ധിശക്തിയും അനുഭവ പരിജ്ഞാനവും ഇതിന്നാവശ്യമാണ്. ഈ രംഗത്ത് പ്രാവീണ്യം തെളിയിച്ച അപൂർവരിൽ അപൂർവ നാണ് ഇമാം ബുഖാരി. ഇദ്ദേഹം ഒരു സ്വഹാബി ആയിരുന്നുവെങ്കിൽ അത്യത്ഭുതകരമായ ഒരു ദൃഷ്ടാന്തം തന്നെയാകുമായിരുന്നുവെന്ന് ഖുതൈ ബത്തുബ്നു സഈദുസ്സഖഫി എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടത് ഇതെല്ലാം കൊണ്ടാണ്. അത്ഭുതകരമായ ഒരു ദൃഷ്ടാന്തമായിരുന്നു ബുഖാ രി. അതുല്യമായ അർപ്പണബോധവും അചഞ്ചല മായ ഇച്ഛാശക്തിയും അസാധാരണമായ ഓർമശ ക്തിയുമാണ് ഇമാമുകളുടെ ഒന്നാംനിരയിലേക്ക് അദ്ദേഹത്തെ എത്തിച്ചത്.**

താബിഉകളിൽ നിന്നോ ഹദീസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അവരുടെ ജനനവും മരണവും താമസസ്ഥലവുമെല്ലാം അറിഞ്ഞതിന് ശേഷമാണ് ഞാനത് ചെയ്യാറ്. അല്ലാഹുവിന്റെ ഗ്രന്ഥത്തിലും തിരുസുന്നത്തിലും അടിസ്ഥാനമില്ലാത്ത ഒരു ഹദീസും ഞാൻ റിപ്പോർട്ട് ചെയ്യാറില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഒരു യാത്രക്ക് പുറപ്പെടും മുമ്പ് 'മുഹമ്മദുബ്നു സലാമാ അൽ ബീക്കൻദി, ബുഖാരിയോട് ഇപ്രകാരം പറഞ്ഞു: 'എന്റെ ഗ്രന്ഥങ്ങൾ പരിശോധിച്ച് അതിൽ തെറ്റുകളുണ്ടെങ്കിൽ തിരുത്തുക. ബീക്കൻദിയുടെ അനുയായികളിൽ ചിലർ ആശ്ചര്യത്തോടെ ചോദിച്ചു: 'ആരാണീ യുവാവ്?' ബീക്കൻദി ആ കാലഘട്ടത്തിലെ ഹദീസ് പണ്ഡിതന്മാരിൽ പ്രമുഖനായിരുന്നു. അദ്ദേഹത്തിന്റെ തെറ്റുകൾ തിരുത്താൻ ഈ ചെറുപ്പക്കാരനാര്? അദ്ദേഹം അവരോട് പറഞ്ഞു: 'ഇദ്ദേഹത്തിന് സമാനനായി മറ്റാരും തന്നെയില്ല.' ബുഖാരിയെക്കുറിച്ച ഈ പ്രതികരണങ്ങളെല്ലാം അദ്ദേഹത്തിന്റെ പ്രശസ്തി ബുഖാറയിലെ പണ്ഡിതന്മാരിൽ മാത്രം പരിമിതമായിരുന്ന ഘട്ടത്തിലാണ്. ബുഖാറ വിട്ടതിന് ശേഷം അദ്ദേഹം ബീക്കൻദിയെ കണ്ടിട്ടില്ലെന്ന് ഹാഫിസ് ഇബ്നു ഹജർ പറഞ്ഞിട്ടുണ്ട്.

### ബുഖാരിയുടെ പഠനയാത്രകൾ

വാർത്താവിനിമയ മാർഗങ്ങൾ പരിമിതമാവുകയും ഇസ്‌ലാമിക രാഷ്ട്രം വിശാലമാവുകയും പ്രവാചക ശിഷ്യന്മാരും അവരുടെ അനുയായികളും വിദൂര പ്രദേശങ്ങളിൽ ജീവിച്ചു മരിക്കുകയും ചെയ്തതുകൊണ്ട് ചിലപ്പോൾ ഒരു ഹദീസിനെക്കുറിച്ച് പഠിക്കാനോ ഏതെങ്കിലും വിജ്ഞാനം കരസ്ഥമാക്കാനോ ദീർഘയാത്രകൾ തന്നെ വേണ്ടി വരും. ഇങ്ങനെ സാഹസിക യാത്രകൾ നടത്തിയാണ് ഇമാം ബുഖാരി ഹദീസുകൾ ശേഖരിച്ചത്. ബുഖാറയിലെ പണ്ഡിതന്മാരിൽനിന്ന് വിജ്ഞാനം നേടിക്കഴിഞ്ഞപ്പോൾ ദിവ്യബോധനത്തിന്റെ കേന്ദ്രവും പ്രവാചകന്റെ ആസ്ഥാനവുമായ മക്കയും മദീനയും ഉൾക്കൊള്ളുന്ന പുണ്യഭൂമിയിലേക്ക് യാത്രപോയി. ഹി. 210-ൽ മാതാവും സഹോദരനുമൊപ്പം അദ്ദേഹം ഹജ്ജ് ചെയ്തു. ഹജ്ജ് കഴിഞ്ഞ് സഹോദരനെയും മാതാവിനെയും തിരിച്ചയച്ചു. വിജ്ഞാനസമ്പാദനത്തിനായി ഇമാം ബുഖാരി മക്കയിൽതന്നെ താമസമാക്കി. അന്ന് മക്കയിലെ വിജ്ഞാനസദസ്സുകൾക്ക് നേതൃത്വം നൽകിയിരുന്നത് ഇമാം അബുൽ വലീദ് അഹ്മദുബ്നുൽ അസുറഖി, അബ്ദുല്ലാഹിബ്നു യസീദ്, ഇസ്മാഈലുബ്നു സാലിം അസ്സാഇഗ്, അബൂബക്ർ അബ്ദുല്ലാഹിബ്നു സുബൈർ, അല്ലാമാ അൽഹുമൈദി തുടങ്ങിയവരായിരുന്നു. അവരിൽനിന്നും മറ്റു പണ്ഡിതന്മാരിൽനിന്നും വിജ്ഞാനം കരസ്ഥമാക്കിയ ശേഷം 18-ാം വയസ്സിൽ അദ്ദേഹം മദീനയിലെത്തി. അക്കാലത്ത് മദീനയിലുണ്ടായിരുന്ന പുകൾപെറ്റ പണ്ഡിതന്മാരാണ് ഇബ്റാഹീമുബ്നുൽ മുൻദിർ, മിത്വ്റഹുബ്നു അബ്ദില്ല, ഇബ്റാഹീമുബ്നു ഹംസ, അബൂസാബിത് മുഹമ്മദുബ്നു ഉബൈദില്ലാ, അബ്ദുൽ അസീസുബ്നു അബ്ദില്ല അൽഉവൈസി എന്നിവർ. ഈ യാത്രയിലാണ് 'അത്താരീഖുൽ കബീർ' എന്ന ഗ്രന്ഥം രചിച്ചത്. മക്ക, മദീന, ത്വാഇഫ്, ജിദ്ദ എന്നിവിടങ്ങളിൽ വിജ്ഞാന സമ്പാദനത്തിനായി പലപ്പോഴായി അദ്ദേഹം താമസിച്ചത് മൊത്തം ആറു വർഷമായിരുന്നു.

തുടർന്ന് അന്നത്തെ വിജ്ഞാന കേന്ദ്രങ്ങളും സാംസ്കാരിക തലസ്ഥാനങ്ങളുമായിരുന്ന ബസ്വറ, കൂഫ, ബഗ്ദാദ്, സിറിയ, ഈജിപ്ത്, ഖുറാസാൻ തുടങ്ങി വിജ്ഞാനവും വിജ്ഞാനസമ്പന്നരും എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം അദ്ദേഹം ചെന്നെത്തുകയും വിജ്ഞാനം സമ്പാദിക്കുകയും ചെയ്തു. പ്രഗത്ഭരും വിഖ്യാതരുമായ ആയിരക്കണക്കിൽ പണ്ഡിതന്മാരിൽനിന്ന് ഹദീസുകൾ കേട്ടതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ദീർഘമായ അനുഭവങ്ങളിൽനിന്ന് അദ്ദേഹം നേടിയ സവിശേഷമായ സിദ്ധി, ഹദീസുകളുടെ സ്വീകാര്യതയെ ബാധിക്കുന്ന നിഗൂഢമായ കാരണങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടിയെന്നതാണ്. ഹദീസ് നിദാന ശാസ്ത്രത്തിൽ വളരെ സുപ്രധാനമാണ് ഈ കഴിവ്. അസാധാരണമായ ഓർമശക്തിയും അപാരമായ ബുദ്ധിശക്തിയും അനുഭവ പരിജ്ഞാനവും ഇതിന്നാവശ്യമാണ്. ഈ രംഗത്ത് പ്രാവീണ്യം തെളിയിച്ച അപൂർവരിൽ അപൂർവനാണ് ഇമാം ബുഖാരി. ഇദ്ദേഹം ഒരു സ്വഹാബി ആയിരുന്നുവെങ്കിൽ അത്യത്ഭുതകരമായ ഒരു ദൃഷ്ടാന്തം തന്നെയാകുമായിരുന്നുവെന്ന് ഖുതൈബത്തുബ്നു സഈദു



**ലോകാവസാനം വരെയുള്ള മനുഷ്യർക്ക് വഴികാട്ടിയായി നിലകൊള്ളുന്ന ഖുർആന്റെ വിശദീകരണമായ തിരുസുന്നത്ത് ഖുർആനെപ്പോലെ സുരക്ഷിതമായിരിക്കണമെന്ന ദൈവിക നിയമത്തിന്റെ സാക്ഷാത്കാരമാണ് ഇമാം ബുഖാരിയിലൂടെ സഫലമാകുന്നത്. വ്യക്തിത്വത്തിന്റെ മാഹാത്മ്യവും ജീവിത ശുദ്ധിയും സ്വഭാവങ്ങളുടെ സവിശേഷതയും ഹദീസുകൾ സ്വീകരിക്കുന്നതിൽ പുലർത്തിയ സൂക്ഷ്മതയും ആ മാർഗത്തിൽ വരിച്ച ത്യാഗങ്ങളും കണക്കിലെടുക്കുമ്പോഴാണ് എന്തുകൊണ്ട് 'സ്വഹീഹുൽ ബുഖാരി' വിശുദ്ധഖുർആൻ കഴിച്ചാൽ ഏറ്റവും സ്വീകാര്യമായ ഗ്രന്ഥമായിത്തീർന്നു എന്ന് മനസ്സിലാവുക.**

സ്സഖഫി എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടത് ഇതെല്ലാം കൊണ്ടാണ്. അത്ഭുതകരമായ ഒരു ദൃഷ്ടാന്തമായിരുന്നു ബുഖാരി. അതുല്യമായ അർപ്പണബോധവും അചഞ്ചലമായ ഇഛാശക്തിയും അസാധാരണമായ ഓർമശക്തിയുമാണ് ഇമാമുകളുടെ ഒന്നാംനിരയിലേക്ക് അദ്ദേഹത്തെ എത്തിച്ചത്. റിപ്പോർട്ടർമാരുടെ ജനന-മരണങ്ങൾ, സ്വഭാവരീതികൾ, സമ്പ്രദായങ്ങൾ, താമസിച്ചതും യാത്രചെയ്തതുമായ സ്ഥലങ്ങൾ, ഉപജീവനമാർഗങ്ങൾ, വിശ്വാസാചാരങ്ങൾ, റിപ്പോർട്ടു ചെയ്തവരെ നേരിൽ കണ്ടിട്ടുണ്ടോ ഇല്ലേ തുടങ്ങി ഹദീസ് പരമ്പരയിലുള്ളവരെ സംബന്ധിച്ച് സമഗ്രമായ വിവരമുള്ളവർക്ക് മാത്രമേ ഹദീസുകളുടെ ബലാബലം നിർണയിക്കുവാൻ സാധിക്കുകയുള്ളൂ. ഈ രംഗത്താണ് ഇമാം ബുഖാരി മറ്റുള്ളവരെ അതിശയിക്കുന്നത്.

ബഗ്ദാദ് അക്കാലത്ത് സാംസ്കാരിക കേന്ദ്രവും പണ്ഡിതന്മാരുടെ സംഗമസ്ഥലവുമായിരുന്നു. ഇമാം ബുഖാരി ബഗ്ദാദിലേക്ക് വരുന്നുണ്ടെന്നറിഞ്ഞപ്പോൾ ഒന്ന് പരീക്ഷിക്കാമെന്ന് ചിലർ തീരുമാനിച്ചു. നൂറു ഹദീസുകൾ തെരഞ്ഞെടുത്ത് പരമ്പരകളും പാഠങ്ങളും (സനദും മത്നും) മാറ്റിമറിച്ച് പത്ത് വീതം ഹദീസുകൾ പത്താളുകൾ കൈവശം വെച്ചു. സ്വദേശികളും വിദേശികളുമടങ്ങുന്ന വലിയ ഒരു സദസ്സിൽ ഓരോരുത്തരായി കൈവശമുള്ള പ്രസ്തുത വികലമാക്കപ്പെട്ട ഹദീസുകൾ അവതരിപ്പിച്ചു. ഓരോന്നിനും 'എനിക്കറിയില്ല' എന്നായിരുന്നു ബുഖാരിയുടെ മറുപടി. ബുദ്ധിയുള്ളവർ കാര്യം ഗ്രഹിക്കുകയും അൽപജ്ഞാനികൾ ബുഖാരിയുടെ കഴിവുകേടിൽ സഹതപിക്കുകയും ചെയ്തു. അവതരണം കഴിഞ്ഞപ്പോൾ ആദ്യം മുതൽ അവസാനം വരെയുള്ള എല്ലാ ഹദീസുകളും ശരിയായ പരമ്പരകളോടുകൂടി ബുഖാരി ഉദ്ധരിച്ചപ്പോൾ സദസ്സ് കോരിത്തരിക്കുകയും അദ്ദേഹത്തിന്റെ അപാരമായ ഓർമശക്തിയെ വാഴ്ത്തുകയും ചെയ്തു. സ്വാലിഹുബ്നു മുഹമ്മദ് അൽ ബഗ്ദാദി എന്ന പണ്ഡിതൻ പറഞ്ഞു: 'ഇമാം ബുഖാരി ബഗ്ദാദിൽ വരുമ്പോൾ ഞാൻ അദ്ദേഹത്തിൽനിന്ന് ഹദീസുകൾ കേട്ടെഴുതിയിരുന്നു. എന്നെപ്പോലെ ആയിരക്കണക്കിൽ ആളുകൾ അദ്ദേഹത്തിന്റെ സദസ്സിൽ ഹാജരാകുമായിരുന്നു.'

വ്യക്തിജീവിതത്തിൽ സൂക്ഷ്മതയും ലാളിത്യവും വിശുദ്ധിയും കാത്തുസൂക്ഷിക്കാൻ ഇമാം ബുഖാരി നിഷ്കർഷിച്ചു. ഹദീസ് നിവേദനപരമ്പരയിലെ റിപ്പോർട്ടർമാരെക്കുറിച്ച് അഭിപ്രായം പറയേണ്ടിവരുമ്പോൾ പോലും വളരെ മാന്യമായ രീതിയിലും ഭാഷയിലും മാത്രമാണത് ചെയ്തത്. അസ്വീകാര്യന്മാരായ റിപ്പോർട്ടർമാരെക്കുറിച്ച് പരമാവധി 'ഹദീസിൽ അനഭിലഷണീയൻ' (മുൻകറുൽ ഹദീസ്) എന്ന് മാത്രമാണ് അദ്ദേഹം പറഞ്ഞിരുന്നത്. തെറ്റുധാരണക്കും ആക്ഷേപത്തിനും ഇടം നൽകാതിരിക്കാനും പരമാവധി ശ്രദ്ധിച്ചു. ഈ വിഷയത്തിൽ രസകരമായ ഒരു സംഭവം പണ്ഡിതനായ അൽഅജ്ലൂനി ഉദ്ധരിച്ചിട്ടുണ്ട്:

ഇമാം ബുഖാരി ഒരു കടൽയാത്ര നടത്താനിടയായി. ആയിരം ദീനാർ യാത്രാ ചെലവിനായി കൈവശം വെച്ചിരുന്നു. കപ്പൽ യാത്രക്കാരിൽ ഒരാൾ താൽപര്യപൂർവം പരിചയപ്പെടുകയും അമിതമായ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്തു. ഇതിൽ വഞ്ചിതനായ ബുഖാരി സംസാര മധ്യേ കൈവശമുള്ള സംഖ്യയെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. അയാൾ പിറ്റേ ദിവസം ഉറക്കത്തിൽനിന്ന് ചാടി എഴുന്നേറ്റ് അട്ടഹസിക്കാനും മുഖത്തടിച്ച് കരയാനും തുടങ്ങി. ദയനീയമായ ഈ കാഴ്ചകണ്ട് അലിവ് തോന്നിയ സഹയാത്രികർ കാരണം തിരക്കിയപ്പോൾ, കൈവശമുണ്ടായിരുന്ന ആയിരം ദീനാറിന്റെ സഞ്ചി നഷ്ടപ്പെട്ടതായി സങ്കടപ്പെട്ടു. കപ്പലിലെ ഉദ്യോഗസ്ഥന്മാർ യാത്രക്കാരെ ഓരോരുത്തരെയായി പരിശോധിച്ചു. ബുഖാരി പണസഞ്ചി ആരും കാണാതെ കടലിൽ താഴ്ത്തി. ആരിൽനിന്നും സംഖ്യ കാണാൻ കഴിയാതെ പരിശോധകരും യാത്രക്കാരും ആർത്തുവിളിച്ചവനെ അധിക്ഷേപിച്ചു. യാത്രക്കാരെല്ലാം കപ്പലിൽ നിന്നിറങ്ങിക്കഴിഞ്ഞപ്പോൾ, പ്രസ്തുത യാത്രക്കാരൻ ബുഖാരിയെ സമീപിച്ച് സംഖ്യയെന്താണ് ചെയ്തതെന്ന് രഹസ്യമായി അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: 'ഞാനത് കടലിലേക്കെറിഞ്ഞു.' ഇത്രയും വലിയ ഒരു സംഖ്യ കടലിലേക്കെറിയാൻ താങ്കൾക്കെങ്ങനെ സാധിച്ചുവെന്ന് ചോദിച്ചപ്പോൾ ബുഖാരി പറഞ്ഞു: 'എന്റെ ജീവിതം അന്ത്യപ്രവാചകന്റെ തിരുവചനങ്ങൾ സമാഹരിക്കാനും സൂക്ഷിക്കാനും നീക്കിവെക്കുകയും എന്റെ വിശ്വസ്തതയും സത്യസന്ധതയും ലോകം അംഗീകരിക്കുകയും ചെയ്തിരിക്കെ, എന്നെ മോഷണക്കുറ്റത്തിന് പ്രതിയാക്കാൻ സമ്മതിക്കുമെന്ന് കരുതിയോ? വിശ്വസ്തത എന്ന അമൂല്യരത്നം നിസ്സാരമായ നാണയത്തുട്ടുകൾക്ക് വേണ്ടി ഞാൻ നഷ്ടപ്പെടുത്തുകയോ?'

സമ്പന്നനായ പിതാമഹന്റെ അരുമ മകനായിരുന്നുവെങ്കിലും ഭൗതികതാൽപര്യമോ ആഡംബരഭ്രമമോ സ്ഥാനമോഹമോ അദ്ദേഹത്തെ പിടികൂടിയില്ല. അറിവന്വേഷിച്ചുകൊണ്ടുള്ള യാത്രയിൽ പലപ്പോഴും ഭക്ഷണത്തിനും വസ്ത്രത്തിനും വിഷമിക്കേണ്ടിവന്നു. ചില സാഹചര്യങ്ങളിൽ ഉടുതുണി ഒഴിച്ച് ബാക്കി വസ്ത്രങ്ങൾ വിൽക്കേണ്ടിവന്നിട്ടുണ്ട്. എന്നാലും പ്രയാസങ്ങൾ മറ്റുള്ളവരെ അറിയിക്കുകയോ പരസഹായം തേടുകയോ ചെയ്തിരുന്നില്ല. അധികാരിവർഗത്തിന്റെ അരികുപറ്റി സുഖജീവിതം നയിക്കാനുള്ള അവസരങ്ങളുണ്ടായിട്ടും അതെല്ലാം തട്ടിക്കളയുകയും അതിന്റെ പേരിൽ നേരിടേണ്ടിവന്ന പ്രയാസങ്ങൾ സസന്തോഷം സഹിക്കുകയും ചെയ്തു.

ബുഖാറയിലെ ഗവർണർ അമീർ ഖാലിദുബ്നു അഹ്മ



**ആശയപരമായും ചിന്താപരമായും ഇമാം ബുഖാരിയോട് അഭിപ്രായവ്യത്യാസം പുലർത്തുന്ന മുൻഗാമികളും പിൻഗാമികളുമായ ധാരാളം പണ്ഡിതന്മാർ, 'സ്വഹീഹുൽ ബുഖാരി'യെ അധികരിച്ച് ഗ്രന്ഥങ്ങൾ എഴുതിയെന്നത് അതിന്റെ പ്രാധാന്യവും മഹത്വവുമല്ലാതെ മറ്റെന്താണ് തെളിയിക്കുന്നത്? ചിലർ അതിന് വ്യാഖ്യാനങ്ങളും വിശദീകരണങ്ങളുമെഴുതിയപ്പോൾ, വേറെ ചിലർ അതിലെ വ്യക്തികളെക്കുറിച്ചും തലക്കെട്ടുകളെക്കുറിച്ചും കർമശാസ്ത്രപരമായ ഗവേഷണഫലങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.**

ദുദ്ദൗലി, ഇമാം ബുഖാരിയോട് ഗ്രന്ഥങ്ങളുമായി തന്നെ വന്ന് കാണാൻ ഖലീഫാ ബിൻ ത്വാഹിറിനെ ചുമതലപ്പെടുത്തി. അമീറിന്റെ ദൂതനോടുള്ള ഇമാമിന്റെ മറുപടി വളരെ ധീരമായിരുന്നു: 'വിജ്ഞാനത്തെ അധികാര കവാടങ്ങളിലേക്കാനയിച്ച് അതിനെ നിന്ദിക്കുവാൻ ഞാനാളല്ല. വിജ്ഞാനത്തിൽ താൽപര്യമുള്ളവർ പള്ളിയിലേക്കോ എന്റെ വീട്ടിലേക്കോ വരട്ടെ. അല്ലെങ്കിൽ വിജ്ഞാന സദസ്സിൽനിന്ന് എന്നെ തടയുക. അന്ത്യദിനത്തിൽ അല്ലാഹുവിങ്കൽ എനിക്ക് ഒഴികഴിവ് ലഭിക്കുമല്ലോ. വിജ്ഞാനം മറച്ചുവെക്കാൻ എനിക്ക് സാധ്യമല്ല. ആരോടെങ്കിലും അറിവ് തേടുകയും അത് മറച്ചുവെക്കുകയും ചെയ്താൽ അന്ത്യദിനത്തിൽ അല്ലാഹു അവന് തീയിന്റെ കടിഞ്ഞാണിടുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്.' അതോടെ ഗവർണറുമായുള്ള അദ്ദേഹത്തിന്റെ ബന്ധം മോശമായി. അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുകയും ചെയ്തു.

ഇമാം ബുഖാരിയുടെ തിളക്കമാർന്ന വ്യക്തിജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടം മാത്രമാണിത്. വിശദാംശങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ ആ വ്യക്തിത്വത്തിന്റെ തിളക്കം വർധിക്കുകയാണ് ചെയ്യുന്നത്. ലോകാവസാനം വരെയുള്ള മനുഷ്യർക്ക് വഴികാട്ടിയായി നിലകൊള്ളുന്ന ഖുർആന്റെ വിശദീകരണമായ തിരുസുന്നത്ത് ഖുർആനെപ്പോലെ സുരക്ഷിതമായിരിക്കണമെന്ന ദൈവിക നിയമത്തിന്റെ സാക്ഷാത്കാരമാണ് ഇമാം ബുഖാരിയിലൂടെ സഫലമാകുന്നത്. വ്യക്തിത്വത്തിന്റെ മാഹാത്മ്യവും ജീവിതശുദ്ധിയും സ്വഭാവങ്ങളുടെ സവിശേഷതയും ഹദീസുകൾ സ്വീകരിക്കുന്നതിൽ പുലർത്തിയ സൂക്ഷ്മതയും ആ മാർഗത്തിൽ വരിച്ച ത്യാഗങ്ങളും കണക്കിലെടുക്കുമ്പോഴാണ് എന്തുകൊണ്ട് 'സ്വഹീഹുൽ ബുഖാരി' വിശുദ്ധഖുർആൻ കഴിച്ചാൽ ഏറ്റവും സ്വീകാര്യമായ ഗ്രന്ഥമായിത്തീർന്നു എന്ന് മനസ്സിലാവുക.

### ഗ്രന്ഥരചന

മക്കയിലും മദീനയിലുമുള്ള താമസത്തിനിടയിലാണ് 'സ്വഹാബികളുടെയും താബിഉകളുടെയും പ്രശ്നങ്ങൾ' (ഖളായസ്സ്വഹാബത്തി വത്താബിഈൻ), 'മഹത്തായ ചരിത്രം' (അത്താരീഖുൽ കബീർ) എന്നീ സുപ്രധാനങ്ങളായ രണ്ടു ഗ്രന്ഥങ്ങൾ ഇമാം ബുഖാരി രചിച്ചത്. അതിനുശേഷം ബസ്വ്റ, കൂഫ, സിറിയ, ഈജിപ്ത്, ബഗ്ദാദ് തുടങ്ങിയ ഇസ്‌ലാമിക വിജ്ഞാനകേന്ദ്രങ്ങളിൽ താമസിച്ച് ഹദീസുകൾ ശേഖരിച്ചു. ഇവ്വിധം സമാഹരിച്ച ആറുലക്ഷത്തിലേറെ ഹദീസുകളിൽനിന്ന് സൂക്ഷ്മ പരിശോധനക്ക് ശേഷം സമാഹരിച്ച 7397 ഹദീസുകൾ ഉൾക്കൊള്ളുന്നതാണ് അദ്ദേഹത്തിന്റെ മാസ്റ്റർ പീസായ 'അൽ ജാമിഉസ്സ്വഹീഹ്' എന്ന ഏറ്റവും ആധികാരികമായ ഹദീസ് ഗ്രന്ഥം. നീണ്ട പതിനാറു വർഷക്കാലത്തെ തീവ്ര തപസ്യയിലൂടെയാണ് ഈ മഹൽകൃത്യം അദ്ദേഹം പൂർത്തിയാക്കിയത്. ദേഹശുദ്ധി വരുത്തി രണ്ടു റക്അത്ത് നമസ്കരിച്ച് ഇസ്തിഖാറത്ത് (നന്മ തേടിയുള്ള പ്രാർഥന) നടത്തിയ ശേഷമാണ് ഓരോ ഹദീസും തെരഞ്ഞെടുത്തതെന്നും തന്റെയും അല്ലാഹുവിന്റെയും ഇടയിലുള്ള ഒരു തെളിവായി ഈ ഗ്രന്ഥത്തെ കണക്കാക്കുന്നുവെന്നും അതുകൊണ്ട് സംശയാസ്പദമായ ഒരു ഹദീസ് പോലും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും അസന്ദിഗ്ധമായി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.


'അൽജാമിഉസ്സ്വഹീഹ്' എന്ന 'സ്വഹീഹുൽ ബുഖാരി' രചിക്കാൻ പ്രേരണയായിത്തീർന്ന കാരണങ്ങൾ ഇമാം ബുഖാരി തന്നെ വിശദീകരിക്കുന്നു: 'ഹദീസ് ക്രോഡീകരണ രംഗത്തേക്ക് കടന്നുവന്ന പല പണ്ഡിതന്മാരും ഹദീസിന്റെ സ്വീകാര്യതയും ബലഹീനതയും പരിഗണിക്കാതെയാണ് രചനകൾ നടത്തിയത്. ദുർബലമായ ഹദീസുകൾ ഒഴിവാക്കി സ്വീകാര്യയോഗ്യമായവമാത്രം ഉൾപ്പെടുത്തി പ്രാമാണികമായ ഒരു ഗ്രന്ഥത്തിൽ ഹദീസുകൾ സമാഹരിക്കണമെന്ന് ആഗ്രഹിച്ചു. അതിനുപുറമെ പ്രമുഖ പണ്ഡിതശ്രേഷ്ഠനായ ഇമാം ഇസ്ഹാഖുബ്നു റാഹവൈഹി, സ്വഹീഹായ ഹദീസുകൾ മാത്രം തെരഞ്ഞെടുത്ത് സമഗ്രവും സംക്ഷിപ്തവുമായ ഒരു ഗ്രന്ഥം രചിക്കാൻ താൽപര്യം പ്രകടിപ്പിച്ചതും എന്റെ മനസ്സിൽ തട്ടുകയുണ്ടായി.' ഇമാം ബുഖാരി തന്നെ പറഞ്ഞ മറ്റൊരു കാരണവും കൂടിയുണ്ട്: 'ഒരിക്കൽ നബി(സ)യെ ഞാൻ സ്വപ്നത്തിൽ കണ്ടു. ഞാനദ്ദേഹത്തിന്റെ അരികിൽനിന്ന് എന്റെ കൈയിലുള്ള വിശറി വീശിക്കൊണ്ട് അദ്ദേഹത്തെ പ്രതിരോധിക്കുന്നു.' സ്വപ്നവ്യാഖ്യാന വിദഗ്ധരായ ചിലരെ സമീപിച്ചപ്പോൾ 'താങ്കൾ അദ്ദേഹത്തെ കള്ളം പറയുന്നവരിൽനിന്ന് രക്ഷിക്കുന്നു' എന്നാണതിന്റെ പൊരുളെന്ന് പറഞ്ഞു. ഇതും എനിക്ക് ഉൾപ്രേരണ നൽകി.' സൽസ്വപ്നങ്ങൾ പ്രവാചകത്വത്തിന്റെ നാൽപത്തിആറ് അംശങ്ങളിൽ ഒരംശമാണെന്നും പ്രവാചകനെ ആരെങ്കിലും സ്വപ്നത്തിൽ ദർശിച്ചാൽ അത് യഥാർഥ ദർശനമാണെന്നും ഹദീസിൽ വന്നതാണല്ലോ!

### 'സ്വഹീഹ് ബുഖാരി'യുടെ സവിശേഷത

മറ്റു ഹദീസ് ഗ്രന്ഥങ്ങളിൽനിന്ന് 'സ്വഹീഹ് ബുഖാരി'യെ വേർതിരിക്കുന്ന നിരവധി പ്രത്യേകതകളുണ്ട്. അദ്ദേഹത്തിന് മുമ്പ് ജീവിച്ചവരും സമകാലികരുമായ ഹദീസ് പണ്ഡിതന്മാർ സ്വീകാര്യമാണെന്ന് ഏകകണ്ഠമായി അംഗീകരിച്ച ഹദീസുകൾ മാത്രമാണ് 'സ്വഹീഹുൽ ബുഖാരി'യിൽ ഉൾപ്പെടുത്തിയത്. ഹദീസുകൾ സ്വഹാബിയിൽനിന്ന് പ്രബലരായ രണ്ടു താബിഉകളും അവരിൽനിന്ന് ബുഖാരിയിൽ എത്തുന്നത് വരെയുള്ള ഘട്ടങ്ങളിൽ വിശ്വസ്തരായ രണ്ടു പ്രാമാണികരും റിപ്പോർട്ടു ചെയ്തിരിക്കണമെന്ന കർശനമായ നിബന്ധന അദ്ദേഹം പുലർത്തിയിരുന്നു. മാത്രമല്ല, റിപ്പോർട്ടു ചെയ്ത വ്യക്തി(റാവി)യും ആരിൽനിന്നാണോ റിപ്പോർട്ടു ചെയ്തത് ആ ഗുരു(ശൈഖ്)വും ഒരേ കാലത്ത് ജീവിച്ചവരാണെന്ന് മാത്രമല്ല, തമ്മിൽ കണ്ടുമുട്ടിയിട്ടുണ്ടെന്ന് സംശയമന്യേ സ്ഥാപിതമാവുകയും ചെയ്താൽ മാത്രമേ ഇമാം ബുഖാരി റിപ്പോർട്ടു സ്വീകരിക്കുമായിരുന്നുള്ളൂ. ഈ നിബന്ധനയിൽ അദ്ദേഹം ഒറ്റയാനാണ്.

ഹദീസുകൾക്ക് അദ്ദേഹം നൽകിയിരിക്കുന്ന തലക്കെട്ടുകളാണ് മറ്റൊരു സവിശേഷത. അഗാധമായ പാണ്ഡിത്യവും ഗവേഷണ സിദ്ധിയും വിളിച്ചറിയിക്കുന്നതാണ് പ്രസ്തുത തലക്കെട്ടുകൾ. തലക്കെട്ടുകളിലെ സൂക്ഷ്മമായ സൂചനകളും നിഗമനങ്ങളും മനസ്സിലാക്കാൻ തന്നെ അഗാധമായ പാണ്ഡിത്യവും ഗവേഷണ വൈഭവവും കൂടിയേ തീരൂ. സുപ്രധാന വിഷയങ്ങളിൽ താൻ എത്തിച്ചേർന്ന സുചിന്തിതമായ അഭിപ്രായങ്ങളിലേക്ക് തലക്കെട്ടുകൾ സൂചന നൽകുന്നു. ഖുർആനിക സൂക്തങ്ങളും ഹദീസുകളും ഉദ്ധരിച്ച് അഭിപ്രായങ്ങൾ സമർഥിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ ഹദീസ് തന്നെ പല പ്രാവശ്യം ആവർത്തിച്ചുവെന്ന് ആരോപിക്കുന്നവർ ഈ വസ്തുത ഉൾക്കൊള്ളാത്തവരാണ്. ഹദീസുകൾ സമാഹരിക്കുക മാത്രമല്ല, ഗഹനമായ ഗവേഷണ മനനങ്ങൾ നടത്തി ഇസ്‌ലാമിക കർമശാസ്ത്രത്തിന് അമൂല്യവരദാനങ്ങൾ നൽകിയ വിദഗ്ധനായ ഫഖീഹും ഗവേഷകനും കൂടിയാണ് ഇമാം ബുഖാരി. പ്രവർത്തനങ്ങൾ സത്യവിശ്വാസത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്നും ആ അർഥത്തിൽ വിശ്വാസം അധികരിക്കുകയോ കുറയുകയോ ചെയ്യാമെന്നും തെളിവ് സഹിതം 'ഈമാന്റെ പുസ്തകം' (കിതാബുൽ ഈമാൻ) എന്ന അധ്യായത്തിൽ അദ്ദേഹം സ്ഥാപിച്ചു. ഈമാൻ വാക്കും പ്രവൃത്തിയുമാണ്. അത് അധികരിക്കുകയും കുറയുകയും ചെയ്യുന്നു എന്ന അഭിപ്രായം അമ്പതിലധികം തെളിവുകൾ നിരത്തി അദ്ദേഹം സമർഥിച്ചു.

ആശയപരമായും ചിന്താപരമായും ഇമാം ബുഖാരിയോട് അഭിപ്രായവ്യത്യാസം പുലർത്തുന്ന മുൻഗാമികളും പിൻഗാമി



കളുമായ ധാരാളം പണ്ഡിതന്മാർ, 'സ്വഹീഹുൽ ബുഖാരി'യെ അധികരിച്ച് ഗ്രന്ഥങ്ങൾ എഴുതിയെന്നത് അതിന്റെ പ്രാധാന്യവും മഹത്വവുമല്ലാതെ മറ്റെന്താണ് തെളിയിക്കുന്നത്? ചിലർ അതിന് വ്യാഖ്യാനങ്ങളും വിശദീകരണങ്ങളുമെഴുതിയപ്പോൾ, വേറെ ചിലർ അതിലെ വ്യക്തികളെക്കുറിച്ചും തലക്കെട്ടുകളെക്കുറിച്ചും കർമശാസ്ത്രപരമായ ഗവേഷണഫലങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ചിലർ അതിനെ സംഗ്രഹിച്ചു, അതിലെ പദാവലിയുടെ ഭാഷാർഥങ്ങൾ വിശദീകരിച്ചു. പല രൂപത്തിലായി നൂറിലേറെ വ്യാഖ്യാന ഗ്രന്ഥങ്ങൾ അറബിയിലും മറ്റുമായി അതിന് ഉണ്ടായി എന്നത് മനുഷ്യൻ ക്രോഡീകരിച്ച മറ്റൊരു ഗ്രന്ഥത്തിനും അവകാശപ്പെടാനാവില്ല. വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഒന്നാം സ്ഥാനത്ത് ശൈഖുൽ ഇസ്‌ലാം അബുൽ ഫദ്ൽ അഹ്മദുബ്നു അലിയ്യുബ്നു ഹജറുൽ അസ്ഖലാനി (മരണം ഹി. 852) രചിച്ച 'ഫത്ഹുൽ ബാരി'യാണ്. സൂക്ഷ്മവിശകലനത്തിലും വൈജ്ഞാനിക അപഗ്രഥനത്തിലും മികച്ച നിലവാരം പുലർത്തുന്നു ഈ കൃതി. മറ്റേതൊരു വിശദീകരണത്തെയും പിന്നിലാക്കുംവിധം സമ്പൂർണവും സമഗ്രവുമാണ് ഫത്ഹുൽ ബാരി. സർഖാവി പറഞ്ഞു: 'ഫത്ഹുൽ ബാരി രചിച്ചതോടുകൂടി ബുഖാരിയോടുള്ള സമുദായത്തിന്റെ ബാധ്യത നിർവഹിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്.' ഹി. 817-ൽ ഈ വിശദീകരണം എഴുതാൻ തുടങ്ങുന്നതിന് മുമ്പ് 'മുഖദ്ദിമ' എന്ന പേരിൽ ഒരു ആമുഖം ഇബ്നു ഹജർ രചിച്ചിരുന്നു. അൽപാൽപം എഴുതി ഒരു വാള്യം പൂർത്തിയായപ്പോൾ പണ്ഡിതന്മാരുടെ സദസ്സിൽ അത് അവതരിപ്പിക്കുകയും സംശയങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി കണ്ടെത്തുകയും ചെയ്ത ശേഷമാണ് അത് പ്രസിദ്ധീകരിച്ചിരുന്നത്. മിന്നൽ വേഗത്തിലാണ് അത് ലോകമെങ്ങും പ്രചരിച്ചത്.

പ്രവാചകന്മാർക്കല്ലാതെ അപ്രമാദിത്വം ഇല്ലാത്തത് കൊണ്ടും ചിന്താസ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും ഇസ്‌ലാമിന്റെ സവിശേഷതയായതുകൊണ്ടും ഇമാം ബുഖാരിയും വിമർശനങ്ങൾക്ക് വിധേയനായി. ഇമാം അഹ്മദുബ്നു ഹമ്പൽ, യഹ്‌യബ്നു മുഈൻ, ഇമാം ദാറഖുത്നി തുടങ്ങിയവർ ഇമാം ബുഖാരിയെ വിമർശിച്ച പ്രഗത്ഭരിൽ ചിലരാണ്. നിഷ്പക്ഷ ബുദ്ധിയോടും നീതിബോധത്തോടും കൂടിയുള്ള ഇത്തരം നിരൂപണങ്ങളെ ഇമാം ഇബ്നുഹജർ മുഖവിലക്കെടുക്കുകയും 'സഞ്ചാരിയുടെ മാർഗദർശനം' എന്ന ഗ്രന്ഥത്തിൽ വിവരിക്കുകയും ചെയ്തിട്ടുണ്ട്. സ്വഹീഹുൽ ബുഖാരിയുടെ വ്യാഖ്യാതാക്കളായ അല്ലാമാ അൽ ഐനി, അല്ലാമാ ഖസ്ത്വുല്ലാനി തുടങ്ങിയ പ്രഗത്ഭരും ഇത്തരം നിരൂപണങ്ങൾക്ക് ഉചിതമായ മറുപടി പറഞ്ഞിട്ടുണ്ട്. ഈ വിമർശനങ്ങൾകൊണ്ട് ഇമാം ബുഖാരിയുടെ പ്രശസ്തിക്ക് മങ്ങലേൽക്കുകയോ സ്വഹീഹ് ബുഖാരിയുടെ സ്വീകാര്യതക്ക് കുറവുവരികയോ ചെയ്തിട്ടില്ല.

ഇമാം ബുഖാരിക്ക് തന്റെ കാലത്തെ ശക്തമായ ചില പരീക്ഷണങ്ങൾ തരണം ചെയ്യേണ്ടി വന്നു. ഖുർആൻ സൃഷ്ടി(മഖ്‌ലൂഖ്)യാണെന്ന് വിശ്വസിക്കൽ നിർബന്ധമാണ് എന്ന വാദം ശക്തിയായി ഉന്നയിക്കുകയും വാദിക്കുകയും ചെയ്ത പണ്ഡിതനായിരുന്നു ഇമാം മുഹമ്മദുബ്നു യഹ്‌യാ അദ്ദുഹ്‌ലീ. അദ്ദേഹം തന്റെ ചില അനുയായികളുമായി ഇമാം ബുഖാരിയുടെ അടുത്ത് സംവാദത്തിനായി ചെന്നു: 'ഖുർആന്റെ പദങ്ങൾ (ألفاظ) സൃഷ്ടിക്കപ്പെട്ടത് മഖ്‌ലൂഖ് ആണോ അല്ലേ? എന്താണ് താങ്കളുടെ അഭിപ്രായം?' ആദ്യം അവഗണിച്ചെങ്കിലും വീണ്ടും നിർബന്ധിച്ചപ്പോൾ ഇമാം ബുഖാരി വളരെ തന്ത്രപൂർവം മറുപടി പറഞ്ഞു:

'ഖുർആൻ അല്ലാഹുവിന്റെ വചനമാണ്, സൃഷ്ടിയല്ല. മനുഷ്യന്റെ പ്രവർത്തനങ്ങൾ സൃഷ്ടിയാണ്, ഇത്തരം പരീക്ഷ നടത്തുന്നത് ബിദ്അത്ത് (പുതിയ സമ്പ്രദായം) ആണ്.' ചോദ്യത്തിലെ ഖുർആൻ കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ കലാമാണെങ്കിൽ അത് അല്ലാഹുവിന്റെ വിശേഷണങ്ങളിൽ ഒരു വിശേഷണമാണ്. അല്ലാഹുവിന്റെ വിശേഷണം സൃഷ്ടിയല്ലതാനും. ഇനി മനുഷ്യരുടെ നാവിൽനിന്നു പുറപ്പെടുന്ന വാക്കുകളാണ് ഉദ്ദേശ്യമെങ്കിൽ, അത് സൃഷ്ടികളുടെ പ്രവർത്തനമാണ്. അത് സൃഷ്ടി തന്നെയാണെന്നതിൽ തർക്കവുമില്ല.

മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടിയുള്ള നിരന്തരമായ അധ്വാനങ്ങൾക്കിടയിൽ വിവാഹത്തെക്കുറിച്ചോ കുടുംബജീവിതത്തെക്കുറിച്ചോ ചിന്തിക്കാൻ അദ്ദേഹത്തിന് സമയം കിട്ടിയില്ല എന്നുതോന്നുമാറ്, അദ്ദേഹത്തിന്റെ വിവാഹത്തെക്കുറിച്ചും സന്താനങ്ങളെക്കുറിച്ചും ഒരു പരാമർശവും ചരിത്രത്തിൽ കാണുന്നില്ല. തിരുസുന്നത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്ന ദൈവിക നിയോഗം സ്വയം ഏറ്റെടുത്ത് തന്റെ സ്മരണകളെ ശാശ്വതമാക്കിക്കൊണ്ട് 62-ാം വയസ്സിൽ, ഹി. വർഷം 256-ന് ചെറിയ പെരുന്നാൾ രാത്രി ശനിയാഴ്ച ആ ധന്യ ജീവിതത്തിന് തിരശ്ശീല വീണു.

**മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടിയുള്ള നിരന്തരമായ അധ്വാനങ്ങൾക്കിടയിൽ വിവാഹത്തെക്കുറിച്ചോ കുടുംബജീവിതത്തെക്കുറിച്ചോ ചിന്തിക്കാൻ ഇമാം ബുഖാരിക്ക് സമയം കിട്ടിയില്ല എന്നുതോന്നുമാറ്, അദ്ദേഹത്തിന്റെ വിവാഹത്തെക്കുറിച്ചും സന്താനങ്ങളെക്കുറിച്ചും ഒരു പരാമർശവും ചരിത്രത്തിൽ കാണുന്നില്ല.**

## ഇമാം മുസ്‌ലിം

ഇമാം ബുഖാരിയുടെ സമശീർഷനും തിരുസുന്നത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്ന മഹത്തായ ദൗത്യം പൂർത്തീകരിക്കുന്നതിൽ ബുഖാരിയുടെ പാത പിൻപറ്റുകയും ചെയ്ത ഇമാം മുസ്‌ലിം എന്ന ചുരുക്കപ്പേരിൽ പ്രസിദ്ധനായ അൽഹാഫിസ് ഹുജ്ജത്തുൽ ഇസ്‌ലാം അബുൽഹുസൈൻ മുസ്‌ലിമുബ്നു ഹജ്ജാജ് അൽഖുശൈരി ഹി. 206-ൽ നൈസാബൂരിൽ ജനിച്ചു. ഇമാം ബുഖാരിയുടേതു പോലെ ദീനീ പാരമ്പര്യവും വൈജ്ഞാനിക പ്രതാപവുമുള്ള കുടുംബമായിരുന്നു അത്. ചെറുപ്പത്തിലേ വിജ്ഞാന കുതുകിയായിരുന്നതിനാൽ സ്വന്തം നാട്ടിലെ വിജ്ഞാന സദസ്സുകളിൽ ഹാജരാവുകയും പ്രശസ്ത പണ്ഡിതന്മാരിൽനിന്ന് വിജ്ഞാനം നേടുകയും ചെയ്തു. തുടർന്ന് ഇറാഖ്, സിറിയ, ഈജിപ്ത്, ഹിജാസ് തുടങ്ങിയ വിജ്ഞാന കേന്ദ്രങ്ങളിൽ പണ്ഡിതന്മാരുമായി സഹവസിച്ച് ഖുർആനിക വിജ്ഞാനങ്ങളിലും ഹദീസ് വിജ്ഞാനങ്ങളിലും അഗാധ പാണ്ഡിത്യം നേടി. എന്നിട്ടും ശമിക്കാത്ത വിജ്ഞാനദാഹവുമായി തിരിച്ചെത്തുമ്പോഴാണ് ഹി. 250-ൽ മഹാനായ ഇമാം ബുഖാരി നൈസാബൂർ സന്ദർശിക്കുന്നത്. പ്രായത്തിലും പാണ്ഡിത്യത്തിലും പക്വത നേടിയ മുസ്‌ലിം എന്ന നാൽപതുകാരൻ ഇമാം ബുഖാരിയുടെ സാന്നിധ്യം അപ്രതീക്ഷിതമായി കൈവന്ന മഹാ ഭാഗ്യമായി കണക്കാക്കി. ശൈഖ് യഹ്‌യാഅന്നൈസാബൂരി, ഖുതൈബത്തുബ്നു സഅ്ദ്, ഇസ്ഹാഖുബ്നു റാഹവൈഹി, മുഹമ്മദുബ്നു അംറ്, അഹ്മദുബ്നു ഹമ്പൽ, അബ്ദുല്ലാഹിബ്നു മസ്‌ലമ എന്നിവരുടെ ശിഷ്യത്വം ഇമാം മുസ്‌ലിം സ്വീകരിച്ചു. വിജ്ഞാനം തേടി ഒന്നിലധികം തവണ അദ്ദേഹം ബഗ്ദാദ് സന്ദർശിച്ചിട്ടുണ്ട്. വിജ്ഞാനം നേടുന്നതിന് മാത്രമല്ല, നേടിയ വിജ്ഞാനം മററുള്ളവർക്ക് പകർന്നുകൊടുക്കുന്നതിലും അതിയായ താൽപര്യം പ്രകടിപ്പിച്ചു. ഇമാം അബൂഈസാ അത്തിർമിദി, യഹ്‌യബ്നു സ്സ്വാഇദ്, മുഹമ്മദുബ്നു മുഖല്ലിദ്, ഇബ്റാഹീമുബ്നു മുഹമ്മദുബ്നു സുഫ്‌യാൻ തുടങ്ങിയ സാത്വികന്മാരും പണ്ഡിതന്മാരും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചവരാണ്.

അസാധാരണ ഓർമശക്തി, ഗ്രഹണശേഷി, ഭദ്രതയാർന്ന ചിന്ത, ഗവേഷണ പാടവം എന്നീ ഗുണങ്ങൾ സമ്മേളിച്ച അപൂർവ വ്യക്തിത്വമായിരുന്നു ഇമാം മുസ്‌ലിം. സത്യത്തോടുള്ള പ്രതിബദ്ധതയിലും ത്യാഗസന്നദ്ധതയിലും തികഞ്ഞ ഒരു ദൃഷ്ടാന്തമായിരുന്നു അദ്ദേഹം. ഇമാം ബുഖാരിയുമായി അഗാധമായ ആത്മബന്ധം പുലർത്തുകയും തർക്കവിഷയങ്ങളിലും പ്രതിസന്ധികളിലും ഗുരുവായ അദ്ദേഹത്തിന്റെ കൂടെ നിൽക്കുകയും പ്രതിയോഗികളുടെ വെല്ലുവിളികൾക്കെതിരെ ധീരമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. ഖുർആൻ സൃഷ്ടി (മഖ്‌ലൂഖ്) ആണെന്ന അഭിപ്രായത്തിൽ തീവ്രതയുള്ള പണ്ഡിതനായിരുന്ന മുഹമ്മദുബ്നു യഹ്‌യാ അദ്ദഹ്‌ലി, ഖുർആൻ സൃഷ്ടിയാണെന്ന് പറയാൻ വിസമ്മതിക്കുന്നവർ തന്റെ സദസ്സിൽ ഇരിക്കേണ്ടതില്ലെന്ന് പ്രഖ്യാപിച്ചപ്പോൾ തന്റെ തലപ്പാവ് ശരിയാക്കി തലയുയർത്തിപ്പിടിച്ച് പ്രതിഷേധ സൂചകമായി ഇറങ്ങിപ്പോവുകയുണ്ടായി ഇമാം മുസ്‌ലിം. മാത്രമല്ല, ദഹ്‌ലിയിൽനിന്ന് പകർത്തിയ കുറിപ്പുകളും ഗ്രന്ഥങ്ങളും ഒരൊട്ടകപ്പുറത്ത് കയറ്റി, അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൊടുത്തുവിടുകയും ചെയ്തു. പക്ഷേ, ഇമാം ദുഹ്‌ലിയുടെ വിശ്വാസ്യതയിൽ സംശയമില്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിൽനിന്ന് ഹദീസുകൾ തുടർന്നും റിപ്പോർട്ടു ചെയ്യുമായിരുന്നു.

ഇമാം ബുഖാരിയുടെ ശിഷ്യത്വത്തിൽ അഭിമാനിക്കുകയും ഗ്രന്ഥരചനയിൽ അദ്ദേഹത്തിന്റെ പാത പിൻപറ്റുകയും ചെയ്തു. ബുഖാരിയിലുള്ള അധിക ഹദീസുകളും മുസ്‌ലിമിലും ഉണ്ടെങ്കിലും മറ്റു പരമ്പരകളിലൂടെയാണ് അദ്ദേഹം അവ റിപ്പോർട്ടു ചെയ്തത് എന്നതുകൊണ്ട് അത്തരം ഹദീസുകൾ (മുത്തഫഖുൻ അലൈഹി)ക്ക് കൂടുതൽ പരിഗണനയും മുൻഗണനയും കൽപിക്കപ്പെടുന്നുവെന്നത് സ്വാഭാവികം. ഗുരുവും ശിഷ്യനും ഒരുകാലത്ത് ജീവിച്ചിരുന്നുവെന്നല്ലാതെ, പരസ്പരം കണ്ടുമുട്ടിയതായി സ്ഥിരീകരിക്കപ്പെടണമെന്ന് നിർബന്ധമാക്കിയില്ലെന്നതാണ് ഹദീസ് സ്വീകരിക്കാനുള്ള നിബന്ധനകളിൽ അദ്ദേഹം സ്വീകരിച്ച അയവ്. കർമശാസ്ത്രപരമായ വിഷയക്രമമാണ് ഇമാം മുസ്‌ലിം സ്വീകരിച്ചത്. ഇമാം ബുഖാരി ചെയ്ത പോലെ ഹദീസുകൾ വിഷയാധിഷ്ഠിതമാക്കുകയോ സ്വന്തം ഗവേഷണങ്ങളും നിരീക്ഷണങ്ങളും ഉൾപ്പെടുത്തി തലക്കെട്ടുകൾ നൽകുകയോ ചെയ്തിട്ടില്ല. ഒരു വിഷയത്തിൽ ഒന്നിലധികം പരമ്പരകളിലൂടെ വന്ന ഹദീസുകൾ ഒരേ അധ്യായത്തിൽ ചേർക്കുന്ന രീതിയാണ് ഇമാം മുസ്‌ലിമിന്റേത്.

3 ലക്ഷം ഹദീസുകളിൽനിന്ന് ഉയർന്ന മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയായ പന്ത്രണ്ടായിരം ഹദീസുകൾ ഉൾക്കൊള്ളുന്ന 'സ്വഹീഹു മുസ്‌ലിം' നീണ്ട പതിനഞ്ചു വർഷം കൊണ്ടാണദ്ദേഹം

**അസാധാരണ ഓർമശക്തി, ഗ്രഹണശേഷി, ഭദ്രതയാർന്ന ചിന്ത, ഗവേഷണ പാടവം എന്നീ ഗുണങ്ങൾ സമ്മേളിച്ച അപൂർവ വ്യക്തിത്വമായിരുന്നു ഇമാം മുസ്‌ലിം. സത്യത്തോടുള്ള പ്രതിബദ്ധതയിലും ത്യാഗസന്നദ്ധതയിലും തികഞ്ഞ ഒരു ദൃഷ്ടാന്തമായിരുന്നു അദ്ദേഹം. ഇമാം ബുഖാരിയുമായി അഗാധമായ ആത്മബന്ധം പുലർത്തുകയും തർക്കവിഷയങ്ങളിലും പ്രതിസന്ധികളിലും ഗുരുവായ അദ്ദേഹത്തിന്റെ കൂടെ നിൽക്കുകയും പ്രതിയോഗികളുടെ വെല്ലുവിളികൾക്കെതിരെ ധീരമായ നിലപാട് സ്വീകരിക്കുകയും ചെയ്തു.**



പൂർത്തിയാക്കിയത് എന്ന് പറയുമ്പോൾ രചനയിൽ സ്വീകരിച്ച സൂക്ഷ്മതയും സാവകാശവും കണിശതയും മനസ്സിലാക്കാവുന്നതാണ്. തിരുസുന്നത്തിന്റെ സുരക്ഷിതത്വത്തിൽ അദ്ദേഹം സമർപ്പിച്ച അനർഘമായ സംഭാവന അംഗീകരിച്ചുകൊണ്ട് തന്നെ ഇമാംബുഖാരിയുടെ തൊട്ടടുത്ത സ്ഥാനമാണ് ഭൂരിപക്ഷം പണ്ഡിതന്മാരും അദ്ദേഹത്തിന് കൽപിച്ചുകൊടുത്തത്. അൽ ഹാകിം അബൂഅഹ്മദ് അന്നൈസാബൂരി പറയുന്നു: 'മുഹമ്മദുബ്നു ഇസ്മാഈലിനെ അല്ലാഹു അനുഗ്രഹിക്കട്ടെ! ഹദീസ്ശാസ്ത്രത്തിന്റെ മൗലിക തത്വങ്ങൾ അദ്ദേഹം ക്രോഡീകരിച്ചു. മുസ്‌ലിമുബ്നുൽ ഹജ്ജാജിനെപ്പോലെ ശേഷം വന്നവരെല്ലാം അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ നിന്നാണ് എടുത്തത്.'

ഇമാം ദാറഖുത്നി, സ്വഹീഹ് ബുഖാരിയെയും സ്വഹീഹ് മുസ്‌ലിമിനെയും ബന്ധപ്പെടുത്തി പറഞ്ഞു: "ബുഖാരിയില്ലായിരുന്നുവെങ്കിൽ മുസ്‌ലിം പോവുകയും വരികയും ചെയ്യുമായിരുന്നില്ല."

ഗ്രന്ഥരചനയിൽ മാത്രമല്ല, ഇബാദത്തിലും ഭക്തിയിലും സൂക്ഷ്മതയിലും ഉന്നത നിലവാരം പുലർത്തിയ ഇമാം മുസ്‌ലിം ജനഹൃദയങ്ങളിലും ഉന്നതസ്ഥാനം കരസ്ഥമാക്കി. മഹാന്മാരായ പണ്ഡിതന്മാരുടെ പ്രശംസാവചനങ്ങൾ ഇതല്ലാതെ മറ്റെന്താണ് തെളിയിക്കുന്നത്! സമകാലിക പണ്ഡിതന്മാരിൽ ഒരാളായ അഹ്മദുബ്നു സലമ പറഞ്ഞു. 'അബൂ സറുഅയും അബൂഹാത്തിമും ആ കാലഘട്ടത്തിലെ മഹാന്മാരേക്കാൾ മുസ്‌ലിമുബ്നു ഹജ്ജാജിന് മുൻഗണന നൽകുന്നതായി കണ്ടു.'

ഇസ്ഹാഖുബ്നു മൻസ്വൂർ, 'അല്ലാഹു താങ്കളെ അവശേഷിപ്പിക്കുന്ന കാലത്തോളം ഞങ്ങൾക്ക് നന്മ നിഷേധിക്കപ്പെടുകയില്ല' എന്ന് ഇമാം മുസ്‌ലിമിനോട് നേരിൽതന്നെ പറഞ്ഞു. അദ്ദേഹത്തിന്റെ ഗുരുവായ മുഹമ്മദുബ്നു അബ്ദുൽ വഹാബ് പറഞ്ഞു: 'ജനങ്ങളുടെ പണ്ഡിതനായിരുന്നു മുസ്‌ലിം. ഉത്തമനായിട്ടാണ് ഞാനദ്ദേഹത്തെ അറിയുന്നത്.'

സ്വഹീഹ് മുസ്‌ലിമിൽനിന്ന് പണ്ഡിതന്മാർ പന്ത്രണ്ടിലധികം ഉപഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ബുഖാരിയോടുള്ള അദ്ദേഹത്തിന്റെ പങ്കാളിത്തത്തെക്കുറിച്ച് വേറെയും. ചിലർ അദ്ദേഹത്തിന്റെ റിപ്പോർട്ടർമാരെക്കുറിച്ച് എഴുതിയപ്പോൾ, മറ്റുചിലർ സ്വഹീഹ് മുസ്‌ലിമിനെ വിശദീകരിച്ചും സംക്ഷേപിച്ചും ഗ്രന്ഥങ്ങളെഴുതി. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന് ലഭിച്ച സ്വീകാര്യതയും അംഗീകാരവുമാണ് ഇതെല്ലാം തെളിയിക്കുന്നത്.

ഇമാം മുസ്‌ലിം ഹി. 261-ൽ റജബ് മാസത്തിൽ നൈസാബൂരിലെ 'നസറാബാദ്' എന്ന ഗ്രാമത്തിൽ 61-ാമത്തെ വയസ്സിൽ നിര്യാതനായി. ■